# കാട്ടുതീ തടയുക
## ബോധവത്കരണ കാമ്പയിൻ

സുഹൃത്തുക്കളെ,

ഒട്ടേറെ ഇനം സസ്യങ്ങളും ജന്തുക്കളും പരസ്പരം ആശ്രയിച്ച് എല്ലാവർക്കും ജീവിക്കുവാൻ അനുകൂലമായ സാഹചര്യം സൃഷ്ടിച്ചു നിലനിർത്തുന്ന ഭൂമുഖത്തെ ഏറ്റവും വലിയ ജീവകുടുംബമാണ് കാട്. ധാരാളം മഴയും ആണ്ടിലെപ്പോഴും സൂര്യന്റെ ചൂടും വെളിച്ചവും ലഭിക്കുന്ന ഉഷ്ണമേഖലാ മഴക്കാടുകളിലാണ് ഏറ്റവും കൂടുതൽ ഇനം സസ്യങ്ങളും ജീവികളും നിലനിൽക്കുന്നത്. ജൈവവൈവിധ്യത്തിന്റെ കലവറകളാണ് ഈ കാടുകൾ. മഴയെയും അന്തരീക്ഷത്തിന്റെ നനവിനെയുമൊക്കെ നിയന്ത്രിച്ച്, ഭൂമുഖത്ത് ജീവന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതും മഴവെള്ളം സംഭരിച്ച് മഴ പെയ്യാത്തപ്പോഴും പുഴകളെ ശുദ്ധജല പ്രവാഹങ്ങളാക്കി നിലനിർത്തുന്നതും കാടുകളാണ്.

സസ്യങ്ങൾ മണ്ണിൽനിന്നും കുറച്ചു മൂലകങ്ങളും വെള്ളവും മാത്രം വലിച്ചെടുത്ത്, സൗരോർജ്ജം ഉപയോഗിച്ച് അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡുമായി ചേർത്ത് ജൈവവസ്തുക്കൾ നിർമ്മിക്കുന്നു. മനുഷ്യനുൾപ്പെടെ എല്ലാ ജീവനേയും ഭൂമിയിൽ നിലനിർത്തുന്നത് ഈ ജൈവവസ്തുക്കളിൽ ഉൾക്കൊണ്ട ഊർജ്ജമാണ്. സസ്യങ്ങളുടെ മൃതഭാഗം ദ്രവിച്ച് പാറപ്പൊടിയുമായി ചേർന്നാണ് മണ്ണുണ്ടാകുന്നത്. മണ്ണിലെ ഒട്ടനവധി സൂക്ഷ്മജീവികൾക്കും സൂക്ഷ്മസസ്യങ്ങൾക്കും മണ്ണുണ്ടാക്കുന്നതിലും അതിന്റെ ഫലപുഷ്ടി നിലനിർത്തുന്നതിലും വളരെ വലിയ പങ്കുണ്ട്. സസ്യസാന്ദ്രത കൂടുതലുള്ള കാടുകൾ മൂടിയ മലകളിൽ നിന്നും ഉത്ഭവിച്ചൊഴുകി താഴ്‌വരകളിലും സമതലങ്ങളിലും എത്തിച്ചേരുന്ന പുഴവെള്ളത്തിനൊപ്പം വന്നടിയുന്ന എക്കൽ മണ്ണിലാണ് മനുഷ്യൻ കൃഷി ചെയ്യാൻ പഠിച്ചത്. അങ്ങനെ ലഭ്യമായ ഭക്ഷ്യസുരക്ഷിതത്വമാണ് നമ്മുടെ സമൂഹഘടനയ്ക്കും വൈവിധ്യമാർന്ന സംസ്കാരങ്ങൾക്കും ജനിക്കാനും വളരാനുമുള്ള സാഹചര്യം ഒരുക്കിയത്. മനുഷ്യന്റെ എല്ലാ കൃഷിവിളകളും കാടുകളിൽ വളർന്നിരുന്ന സസ്യങ്ങളെ തെരഞ്ഞെടുത്ത് ഇണക്കി വളർത്തി ഉണ്ടാക്കിയവയാണ്. കാടുകളില്ലായിരുന്നെങ്കിൽ മനുഷ്യനും ഉണ്ടാവില്ലായിരുന്നു.

മനുഷ്യൻ എല്ലാ കാലത്തും കാടുകളെ ആശ്രയിച്ചാണ് നിലനിന്നിരുന്നത്. ഈ ആശ്രിതത്വം പ്രത്യക്ഷമോ പരോക്ഷമോ എന്നത് അതതു പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ അനുസരിച്ചാണ്. ഇന്നത്തെ നഗരസംസ്കാരത്തിലും ജനസംഖ്യാപെരുപ്പത്തിലും മനുഷ്യന്റെ ആവശ്യങ്ങളും സൗകര്യങ്ങളും വല്ലാതെ പെരുകി. അതോടെ കാടുകൾ ക്ഷയിക്കാനും തുടങ്ങി. ഇന്ന് കാടുകളുടെ നാശം മനുഷ്യ സംസ്കാരത്തിന്റെ തുടർച്ചയ്ക്കു തന്നെ ഭീഷണിയായി തീർന്നിരിക്കുന്നു. കാലാവസ്ഥാ മാറ്റവും വരൾച്ചയും വെള്ളപ്പൊക്കവും കൃഷി നാശവും മാറാരോഗങ്ങളും മാലിന്യം നിറഞ്ഞ പരിസരങ്ങളും ഇന്ന് ലോകത്തെല്ലായിടത്തും എല്ലാ സമൂഹങ്ങൾക്കും ഏറ്റവും വലിയ ഭീഷണിയായിക്കഴിഞ്ഞിരിക്കുന്നു. സാമ്പത്തിക അസമത്വവും മൂല്യത്തകർച്ചയും കലാപങ്ങളും യുദ്ധങ്ങളും ലോകത്തെല്ലായിടത്തും മനുഷ്യരെ ആശങ്കാകുലരും അസ്വസ്ഥരുമാക്കുന്നു.

ലോകത്തെ മുഴുവൻ ബാധിച്ച ഈ നാശത്തിൽ എല്ലായിടത്തും, നമ്മുടെ നാട്ടിലും, ഏറ്റവും കഷ്ടപ്പെടുന്നത് കാടിനെയും പുഴയെയും കൃഷിയെയുമൊക്കെ ആശ്രയിച്ച് ജീവിക്കുന്ന വലിയ സ്വാധീനശക്തിയൊന്നുമില്ലാത്ത സാധാരണ ജനങ്ങളാണ്. ഇവരിൽതന്നെ വനത്തെയും പ്രകൃതിയെയും നേരിട്ട് ആശ്രയിക്കുന്ന ആദിവാസികളും കൃഷിപ്പണിക്കാരുമാണ് ഏറ്റവും ദുരിതമനുഭവിക്കുന്നവർ. കേരളത്തിൽ ഈ സാമൂഹ്യത്തകർച്ച ഏറ്റവും വ്യക്തമായി കാണാനാവുക വയനാട്ടിലാണ്. വനനാശവും കൃഷിനാശവും വയനാടിനെ ബാധിച്ച മാറാരോഗങ്ങളാണ്. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടതുമാണ്.

ആദ്യകാലത്ത് തോട്ടങ്ങൾക്കായും പിന്നീട് കൃഷിക്കായും വയനാട്ടിൽ കാടുകളെ വ്യാപകമായി വെട്ടിനശിപ്പിച്ചുവെങ്കിൽ, ഇന്ന് കാട്ടുതീയാണ് ബാക്കിയുള്ള വയനാടൻ കാടുകളെ ഇല്ലാതാക്കുന്നത്.

വ്യാപകമായ കാട്ടുതീ മനുഷ്യൻ സൃഷ്ടിക്കുന്നതാണ്. നമ്മൾ കാരണം ഉണ്ടാവുന്ന കാട്ടുതീ നമുക്കു മാത്രമേ നിയന്ത്രിക്കാനാവൂ. നിയമം കൊണ്ടും ശിക്ഷ കൊണ്ടും പണം കൊണ്ടുമൊന്നും കാട്ടുതീ ഇല്ലാതാക്കാനാവില്ല. നമ്മുടെ എല്ലാവരുടെയും മനസ്സിൽ കാടുകത്തരുതെന്നുള്ള തീരുമാനമുണ്ടാവണം. ഇനിയും നമ്മുടെ തലമുറകൾ ഭൂമിയിൽ ജീവിക്കണമെന്നു നമുക്കാഗ്രഹമുണ്ടെങ്കിൽ, നമുക്ക് വെള്ളം കുടിക്കണമെങ്കിൽ, കൃഷി ചെയ്യണമെങ്കിൽ, വിറകും കാലിത്തീറ്റയും ഔഷധ സസ്യങ്ങളും നെല്ലിക്കയും തേനും മറ്റു വനവിഭവങ്ങളും ലഭ്യമാകണമെങ്കിൽ കാടുകൾ കത്താൻ പാടില്ല.

മഴക്കാലം കഴിഞ്ഞാൽ ഉടനെ തന്നെ നമ്മുടെ കാട് കത്താൻ തുടങ്ങുന്നു. കൊഴിഞ്ഞ ഇലകളും ഉണങ്ങിയ പുല്ലും പെട്ടെന്ന് തീ കത്തിപടരാൻ അനുകൂല സാഹചര്യമൊരുക്കുന്നു. നിയന്ത്രിക്കാനാവാത്തവിധം തീ വ്യാപിക്കുന്നു. കത്തിക്ഷയിച്ച കാട്ടിൽ നിന്ന് ആനയും മാനും മറ്റ് വന്യജീവികളും തീവീഴാത്ത കൂടുതൽ പച്ചപ്പുള്ള കൃഷിഭൂമിയിലേക്ക് ആഹാരം തേടിയിറങ്ങും. കാടു കത്തുമ്പോഴുണ്ടാകുന്ന ചൂടും പുകയും അന്തരീക്ഷത്തിന്റെ ചൂട് വർദ്ധിപ്പിക്കുന്നു. കാട് കത്താൻ തുടങ്ങുമ്പോൾ അവിടത്തെ വായു ചൂടുപിടിച്ചുയരും. ചുറ്റിലും നിന്ന് അങ്ങോട്ട് വായു പ്രവഹിക്കും. ഇത് ഒരു ഭ്രാന്തൻ കാറ്റായി മാറി തീ പെട്ടെന്ന് വ്യാപിപ്പിക്കും. മണ്ണിലെ നനവ് ഇല്ലാതാകും. മണ്ണിന്റെ നിലനിൽപിന് ഏറ്റവും ആവശ്യമായ സൂക്ഷ്മജീവികളും മണ്ണിരകളും മറ്റും പാടേ നശിക്കും. ഒരിക്കൽ തീ വീണ കാട്ടിൽ വീണ്ടും തീ പിടിക്കുവാനുള്ള സാധ്യത കൂടുതലാണ്. തീ കത്തുന്നതുമൂലമുള്ള വനനാശം കാരണം കാലാവസ്ഥ താളംതെറ്റുന്നു. ശക്തിയിൽ പെയ്യുന്ന മഴ മണ്ണൊലിപ്പിന് കാരണമാകുന്നു. വന പുനരുജ്ജീവനം സംഭവിക്കാതാവുന്നു. ഇത് കാടുകളുടെ പൂർണ്ണനാശത്തിലവസാനിക്കുന്നു. ഈ നാശം തടഞ്ഞേ പറ്റൂ. നമുക്ക് ജീവിക്കാൻ ആരോഗ്യമുള്ളൊരു ലോകം വേണം. അവിടെ വേണ്ടത്ര സ്വാഭാവിക വനങ്ങളുണ്ടാവണം. കാടു കത്താതായാൽതന്നെ ഇന്നുള്ള കാടുകൾ പുഷ്ടിപ്പെടും. കാലാവസ്ഥ കൂടുതൽ അനുകൂലമാവും. കൃഷി അഭിവൃദ്ധിപ്പെടും. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ വനസംരക്ഷണവും പരിസ്ഥിതി പുനസ്ഥാപനവും നടപ്പാക്കാനുദ്ദേശിക്കുന്ന ഈ അവസരത്തിൽ ഇത് വളരെ പ്രാധാന്യമുള്ളതാണ്.

വയനാട്ടിൽ കാടുകളിൽ പരക്കെ മുള പൂത്തിരിക്കുകയാണ്. ശ്രദ്ധിച്ചില്ലെങ്കിൽ കാടുകൾ ഭീകരമായി കത്തുന്നതിനും വമ്പിച്ച ദുരിതങ്ങൾക്കും ഇടയാകും. കാട്ടുതീ ഉണ്ടാകുന്നത് നമുക്ക് ആരോടെങ്കിലും ഉള്ള വിരോധം കൊണ്ടാവാം. തെറ്റായ താത്പര്യം കാരണമാവാം. അജ്ഞതകൊണ്ടോ അശ്രദ്ധ കൊണ്ടോ ആവാം. കാരണമെന്തായാലും കാട്ടുതീയിൽ നിന്ന് നമ്മുടെ കാടുകളെ രക്ഷിച്ചേ പറ്റൂ. കാട് വനംവകുപ്പിന്റെതു മാത്രമല്ല. അത് എല്ലാ ജീവന്റെയും സ്വത്താണ്. അഭയവും അടിസ്ഥാനവുമാണ്. നമുക്ക് ജീവിക്കാൻ ഈ ചെറിയ ഭൂമി മാത്രമേ ഉള്ളൂ. അതിൽ ബാക്കിയുള്ള കുറച്ച് കാടുകളും പുഴകളും ജൈവസമ്പത്തും മാത്രമേ ഉള്ളൂ. ഇതാകട്ടെ പിറക്കാനിരിക്കുന്ന തലമുറകൾക്കും കൂടി ഉള്ളതാണ്. അതിനെ നമുക്ക് കാത്തുസൂക്ഷിക്കാം. വളർത്താം. നിലനിർത്തി ആശ്രയിച്ച് നമുക്കും നിലനിൽക്കാം.

വയനാട് വന്യജീവി സംരക്ഷണ കേന്ദ്രത്തിന്റെയും വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെയും ആഭിമുഖ്യത്തിൽ കാട്ടുതീ തടയുന്നതിനുള്ള ബോധവത്കരണ പരിപാടികളുടെ ഭാഗമായി **30-12-07 മുതൽ 04-01-08 വരെ** വന്യജീവി സങ്കേതത്തോട് ചേർന്നുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ **ഡോ. സതീഷ് ചന്ദ്രന്റെ** നേതൃത്വത്തിൽ സന്ദേശയാത്ര നടത്തുന്നു. ഗ്രാമപഞ്ചായത്തുകൾ, വനസംരക്ഷണ സമിതികൾ, വയനാട് പ്രസ്ക്ലബ്, ദേശീയ ഹരിതസേന, വായനശാലകൾ, കർഷക കൂട്ടായ്മകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന പരിപാടികൾ വിജയിപ്പിക്കുന്നതിനും കാട്ടുതീ തടയുന്നതിന് നിങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നതിനും അഭ്യർത്ഥിക്കുന്നു.

സു. ബത്തേരി
27-12-07

വൈൽഡ് ലൈഫ് വാർഡൻ
വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം

# മുത്തങ്ങയിൽ സംഭവിച്ചതെന്ത്?

## വിശദീകരണയോഗം

### വയനാട് പ്രകൃതിസംരക്ഷണസമിതി

**2003 മാർച്ച് 28 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക്**

## *സുൽത്താൻ ബത്തേരി സ്വതന്ത്രമൈതാനിയിൽ*

മുത്തങ്ങയിലെ സംഭവങ്ങളുണ്ടായിട്ട് ഒന്നരമാസത്തിലേറെയായെങ്കിലും അതുണ്ടാക്കിയ ചൂടും പുകയും ഇതുവരെ അടങ്ങിയിട്ടില്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നിരവധിയാളുകളും മാധ്യമങ്ങളും ചാനലുകളും സാംസ്ക്കാരിക നായകന്മാരുടെയും മനുഷ്യാവകാശ പ്രവർത്തകരുടേയും റോളുകൾ സമർത്ഥമായി അഭിനയിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. അവരുടെ കണ്ണിൽ നമ്മൾ വയനാട്ടുകാർ ഒറ്റുകാരും പരിസ്ഥിതിവിരുദ്ധരും ആദിവാസി ദ്രോഹികളുമായി മാറിയിരിക്കുന്നു. കാടിനും കാട്ടിലെ ജീവജാലങ്ങൾക്കും തദ്ദേശീയരായ ആദിവാസികൾക്കും വേണ്ടി സംസാരിക്കുന്നത് രാജ്യദ്രോഹത്തോളമെത്തുന്ന ക്രൂരകൃത്യമായിരിക്കുന്നു. പരിസ്ഥിതി പ്രവർത്തകരുടെ ചോരക്ക് വേണ്ടിയുള്ള മുറവിളിയുയരാത്ത പത്രമാധ്യമങ്ങൾ കേരളത്തിലില്ലെന്നായിരിക്കുന്നു.

'സാംസ്ക്കാരിക കേരളം' ആഗ്രഹിച്ചതുപോലെ നൂറ്റാണ്ടുകളായി പീഡനവും വഞ്ചനയും മാത്രം ഏറ്റുവാങ്ങിയ ആദിവാസികളുടെ ഭൂമിയുൾപ്പെടെയുള്ള അടിസ്ഥാനപ്രശ്നങ്ങൾ ഉമിനീരും 'മുതലക്കണ്ണീരുമായി ഓടിക്കൂടിയവർ തമസ്ക്കരിച്ചുകഴിഞ്ഞു.

പൊതുയോഗത്തിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകരും ഗോത്രസഭയുടെ പീഡനത്തിന് ഇരയായ മന്മഥമൂല കൃഷ്ണൻ അടക്കമുള്ള ആദിവാസികളും പ്രസംഗിക്കുന്നു.

സു. ബത്തേരി
25-03-2003

തോമസ് അമ്പലവയൽ
സെക്രട്ടറി